**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 234** **14-02-2024 - ൽ മറുപടിയ്ക്ക്**

**ഓഷ്യനേറിയം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പുതുവൈപ്പിനിൽ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന ഓഷ്യനേറിയം പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | പുതുവൈപ്പിനിൽ ഓഷ്യനേറിയം & മറൈൻ ബയോളജിക്കൽ റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിന് 15.12.2007 ലെ സ.ഉ (കൈ) നം.441/07/റവ ഉത്തരവ് പ്രകാരം 50 ഏക്കർ സ്ഥലം മത്സ്യബന്ധന വകുപ്പിന് കൈമാറുന്നതിന് അനുമതി നൽകിയിരുന്നു. പദ്ധതിയുടെ ഡി.പി.ആർ ഉം ടെക്നോ, കൊമേഴ്സ്യൽ ഫീസിബിലിറ്റി റിപ്പോർട്ടും തയ്യാറാക്കുന്നതിന് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (KSIDC) -നെ ബിഡ് മാനേജർ ആയി ചുമതലപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ Mahindra Consultancyയും Jacque Rougerie Architect, France- ഉം സംയുക്തമായി 350 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് ഫിഷറീസ് വകുപ്പിന് സമർപ്പിച്ചിരുന്നു. പാരിസ്ഥിതിക നടപടികൾ പാലിക്കുന്നതിന്റെയും പൊതുസ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതി നടപ്പിലാക്കുന്നതിന്റെയും സാധ്യതകൾ പരിഗണിച്ചിരുന്നു. പുതുവൈപ്പിൻ പദ്ധതി ആരംഭിക്കുന്നതിന് വരുന്ന ചെലവും ലഭിക്കാവുന്ന വരുമാനവും സംബന്ധിച്ച് ചർച്ച ചെയ്തിരുന്നു.<br><br>പ്രസ്തുത പദ്ധതി "ഇന്റഗ്രേറ്റഡ് അക്വാപാർക്ക്" എന്ന ഘടനയിൽ നടപ്പിലാക്കുന്നതിനായി 08/01/2021-ലെ സ.ഉ.(സാധാ)നം 9/2021/മഉവ നമ്പർ ഉത്തരവ് പ്രകാരം കേരള തീരദേശ വികസന കോർപ്പറേഷൻ (KSCADC) മാനേജിംഗ് ഡയറക്ടർ ചെയർമാനായി ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയും ഇതുമായി ബന്ധപ്പെട്ട് വിവിധ സാങ്കേതിക വിഷയങ്ങൾ ചർച്ച ചെയ്യുകയുമുണ്ടായി. പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള താൽപര്യപത്രം ക്ഷണിക്കുന്നതിനായി "ടെക്നോ കൊമേഴ്സ്യൽ & |

| | | | |
|---|---|---|---|
| | | | എൺവയോൺമെന്റൽ ഫീസിബിലിറ്റി സ്റ്റഡി" നടത്തേണ്ടത് അനിവാര്യമാണ്. |
| (ബി) | ഓഷ്യനേറിയം പദ്ധതിയുടെ നടത്തിപ്പ് ചുമതല ഏത് സ്ഥാപനത്തെയാണ് ഏൽപ്പിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് മാത്രമുള്ള നോഡൽ ഏജൻസിയായി 11/11/2019-ലെ സ.ഉ (സാധാ) നം. 841/2019/മഉവ നമ്പർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (KSCADC) യെ നിയമിച്ചിട്ടുണ്ട്. |
| (സി) | പദ്ധതി സംബന്ധിച്ച് നാളിതുവരെ നടത്തിയ അടിസ്ഥാന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; പദ്ധതിയുടെ നടത്തിപ്പിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (സി) | പുതുവൈപ്പ് വില്ലേജിൽ ഓഷ്യനേറിയം ആന്റ് മറൈൻ ബയോളജിക്കൽ റിസർച്ച് സെന്റർ സ്ഥാപിക്കാൻ 15/12/2007 തീയതിയിലെ സ.ഉ. (സാധാ) നം.441/07/ആർ.ഡി ഉത്തരവ് പ്രകാരം പുതുവൈപ്പിനിൽ 50 ഏക്കർ ഭൂമി ഫിഷറീസ് വകുപ്പിന് കൈമാറ്റം ചെയ്തു.<br><br>ഓഷ്യനേറിയം സ്ഥാപിക്കുന്നതിന് 2008 വർഷത്തിൽ 350 കോടി രൂപ ചെലവാണ് കണക്കാക്കിയിരുന്നത്. അതേ പടി പദ്ധതി നടപ്പാക്കുകയാണെങ്കിൽ ഇന്നത്തെ സാഹചര്യത്തിൽ ഓഷ്യനേറിയവും അനുബന്ധ ഘടകങ്ങൾക്കുമായി ഏകദേശം 800 മുതൽ 1000 കോടി രൂപ വരെ ചെലവ് പ്രതീക്ഷിക്കുന്നു.<br><br>അക്വാപാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം കണ്ടൽക്കാട് നിറഞ്ഞ പ്രദേശമായതിനാൽ പാരിസ്ഥിതിക അനുമതി ആവശ്യമാണ്. ഇതിനായി ഹൈദ്രാബാദ് കേന്ദ്രമായുള്ള വിഷ്വൽ ലാബ് മുഖാന്തിരം പഠനം നടത്തിയതിൽ തത്തുല്യമായ സ്ഥലത്ത് പരിഹാര വനവൽക്കരണം നടത്തണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. ഇപ്രകാരം കോമ്പൻസേറ്ററി വനവൽക്കരണം നടത്തുന്നതിന് സ്ഥലം കണ്ടെത്തിയെങ്കിലും വസ്തു സംബന്ധമായ കേസ് നിലനിന്നിരുന്നതിനാൽ തുടർനടപടികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിരുന്നില്ല. പദ്ധതിക്ക് മേൽ പ്രസ്താവിച്ച വസ്തുതകൾ ഉൾപ്പെടുത്തി 11.12.2013 ൽ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് അനുമതിയും 2014 ൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് അനുമതിയും ലഭിച്ചു. കൂടാതെ പദ്ധതി നടപ്പാക്കുന്നതിന് തീരദേശ നിയന്ത്രണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള ഇളവുകളും ലഭ്യമാക്കേണ്ടി വരും. തീരദേശ നിയന്ത്രണങ്ങളിൽ നിന്നുള്ള ഇളവിന് വിശദമായ പദ്ധതി രൂപരേഖ (DPR) സഹിതമാണ് അപേക്ഷിക്കേണ്ടത്. DPR തയ്യാറാക്കുന്നതിന് ഏകദേശം രണ്ട് കോടിയോളം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ടി തുകയും കണ്ടെത്തേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| | | | ഈ പദ്ധതി പബ്ലിക് പ്രൈവറ്റ് പാർട്ട്നർഷിപ്പ് (PPP) വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിനാണ് 21/08/2009 തീയതിയിലെ സ.ഉ (കൈ)നം. 57/2009/മഝവ നമ്പർ ഉത്തരവ് പ്രകാരം വിഭാവനം ചെയ്തിരുന്നത്. 15.12.2010 ൽ ലഭിച്ച പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും മേൽ ഉത്തരവിനും വിധേയമായി 21.03.2011 ൽ കമ്പനിയായി രജിസ്റ്റർ ചെയ്തു.<br><br>കമ്പനിയുടെ ആദ്യ യോഗം ഫിഷറീസ് വകുപ്പ് സെക്രട്ടറി ചെയർമാനായി 25.03.2011 ൽ കൂടുകയുണ്ടായി. നിർദ്ദിഷ്ട കമ്പനിയുടെ യോഗത്തിൽ പദ്ധതി നിർദ്ദേശം സമഗ്രമായി അപഗ്രഥിക്കുകയും പൂർണ്ണമായും സ്വകാര്യ പങ്കാളിത്തത്തോടെ ആക്കുന്നതിനെ പറ്റിയും (BoT മാതൃകയിൽ) പദ്ധതി പൂർത്തീകരിക്കുമ്പോൾ ഓഷ്യനേറിയം പ്രവർത്തിക്കുന്നതിനായി വേണ്ടിവരുന്ന ചെലവ്, ലഭിക്കാവുന്ന വരുമാനം എന്നിവയെപറ്റി ചർച്ച നടത്തുകയും വരവ് ചെലവ് സംബന്ധിച്ച് വ്യക്തമായ വിദഗ്ദ്ധ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ മാത്രം പദ്ധതി നടപ്പിലാക്കാനും ആലോചിച്ചിരുന്നു.<br><br>മേൽ പ്രസ്താവിച്ച വിവിധ കാരണങ്ങളാൽ പദ്ധതി നടത്തിപ്പ് ഉദ്ദേശിച്ച രീതിയിൽ മുന്നോട്ട് കൊണ്ട് പോകാൻ കഴിഞ്ഞിരുന്നില്ല. |
| (ഡി) | പദ്ധതിയുടെ നടത്തിപ്പിന് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയെ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ഡി) | നിലവിൽ തീരുമാനിച്ചിട്ടില്ല |
| (ഇ) | പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ പുന:രാരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഇ) | പദ്ധതി പുന:രാരംഭിക്കുന്നതിന്റെ ഭാഗമായി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള താൽപര്യപത്രം ക്ഷണിക്കുന്നതിനായി “ടെക്നോ കൊമേഷ്യൽ & എൺവയോൺമെന്റൽ ഫീസിബിലിറ്റി സ്റ്റഡി” നടത്തുന്നതിന് തുക കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ